DESPATCHED
19/06/2020

17/03/2020



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP.1577(2)/2019**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.11224/എസ്.ഐ.സി-ജി 6/19

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ.എസ്.ചന്ദ്രൻ
എസ്.സി.ഭവൻ, കള്ളിമൂട്
മണ്ണാംകോണം.പി.ഒ
തിരുവനന്തപുരം-695125
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
   എക്സൈസ് കമ്മീഷൻ
   എക്സൈസ് കമ്മീഷണറുടെ കാര്യാലയം ,നന്ദാവനം
   തിരുവനന്തപുരം

2. അപ്പീൽ അധികാരി,
   അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം)
   കേരളാ എക്സൈസ് ആസ്ഥാന മന്ദിരം
   നന്ദാവനം, തിരുവനന്തപുരം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 24.03.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 24.04.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 04.05.2019, 27.05.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 13.05.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 01.07.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 02.07.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 14.10.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 23.10.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.10.2019 – കമ്മീഷൻ ഓഫീസ് തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിനും മറുപടി നൽകിയില്ലെന്നും, ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷി കൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 24.03.2019 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് ടിയാൻ 15.03.2019 തിയതി നെയ്യാറ്റിൻകര എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസിലെ 5 ഉദ്യോഗസ്ഥർക്കെതിരെ വിവിധ മേൽ ഉദ്യോഗസ്ഥർക്ക് നൽകിയ പരാതികളിൽ ഏതെല്ലാം അധികാരികളിൽ നിന്നും അന്വേഷണത്തിനായി നിർദ്ദേശം ടി ഓഫീസിൽ ലഭിച്ചുവെന്നും, ടി ഓഫീസുകളുടെ അഡ്രസ്, ഫയൽ നമ്പർ, പരാതി ലഭിച്ച തിയതി അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥരുടെ എല്ലാ വിവരങ്ങളും, ടി ഉദ്യോഗസ്ഥൻ പ്രതികളിൽ നിന്നുമെടുത്ത മൊഴികളുടെ പകർപ്പ്, ഫോൺകോൾ വിവരം, ഫോൺ ലൊക്കേഷൻ എന്നിവയുടെ പകർപ്പ്, എഫ്.എസ്.എൽ ടെസ്റ്റിന് നടപടി സ്വീകരിച്ചെങ്കിൽ ആയതിന്റെ പകർപ്പ്, അന്വേഷണ റിപ്പോർട്ട്, ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ പകർപ്പ്, മുഖ്യമന്ത്രി, എക്സൈസ് വകുപ്പ് മന്ത്രി, മനുഷ്യാവകാശ കമ്മീഷൻ, സെക്രട്ടറി(എക്സൈസ്) എന്നിവർ ഇട്ട അന്വേഷണ ഉത്തരവുകളുടെ പകർപ്പുകൾ എന്നീ വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 24.04.2019 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ഗവൺമെന്റിലേക്ക് സമർപ്പിച്ച പരാതി ടി ഓഫീസിൽ ലഭിച്ചിരുന്നുവെന്നും, ആയതിന്മേൽ അന്വേഷണം നടത്തുന്നതി ലേയ്ക്കായി തിരുവനന്തപുരം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നുമാണ്.

4. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 27.05.2019 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ നൽകിയ മറുപടി തൃപ്തികരമല്ല എന്നും, ആയതിനാൽ തെറ്റായി മറുപടി തന്ന ഉദ്യോഗസ്ഥർക്കെതിരെ

നടപടി സ്വീകരിക്കണമെന്നും, ആവശ്യപ്പെട്ട ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകണമെന്നുമാണ്.

5. മേൽപ്പടി അപ്പീൽ അപേക്ഷയിൻമേൽ രണ്ടാം എതിർകക്ഷി 13.05.2019 തിയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ഗവൺമെന്റിലേയ്ക്ക് സമർപ്പിച്ച പരാതി റിപ്പോർട്ടിനായി ലഭിച്ചിരുന്നുവെന്നും, ആയതിൻമേൽ അന്വേഷണം നടത്തുന്നതിലേയ്ക്കായി തിരുവനന്തപുരം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും, അന്വേഷണ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ ആയത് സംബന്ധമായി ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ നൽകാൻ കഴിയുള്ളുവെന്നുമാണ്.

6. കമ്മീഷൻ മുമ്പാകെ 28.10.2019 ഹിയറിംഗിന് ഹാജരാകുന്നതിനും, ടി അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാനും ആവശ്യപ്പെട്ട് എതിർകക്ഷിക്ക് 14.10.2019 ന് കമ്മീഷനിൽ നിന്നും കത്ത് നൽകുകയും ആയതിന്മേൽ 23.10.2019 ന് റിപ്പോർട്ട് സമർപ്പിക്കുകയും ആയതിൽ 24.03.2019ന് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് 24.05.2019 ന് മറുപടി നൽകിയെന്നും, 04.05.2019 ന് നൽകിയ അപ്പീൽ അപേക്ഷയ്ക്ക് 13.05.2019 ന് മറുപടി നൽകിയെന്നും, ആയതിനുശേഷം വിവരങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 14.05.2019, 06.06.2019, 13.06.2019 എന്നീ തിയതികളിൽ ഹർജിക്കാരന് മറുപടി നൽകിയെന്നും, ആയതിന്റെ പകർപ്പുകൾ ഹാജരാക്കുന്നുവെന്നുമാണ്.

7. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങളെല്ലാം നൽകിയെന്നുള്ള സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മൊഴിയും, ഹാജരാക്കിയ കത്തുകളുടെ പകർപ്പുകളും പരിശോധിച്ചതിൽ രേഖകളെല്ലാം സമയബന്ധിതമായി നൽകിയിട്ടുണ്ടെന്ന വസ്തുത അംഗീകരിച്ചുകൊണ്ട്, ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്ന് വിലയിരുത്തി, ഇന്നേദിവസം 2020 മാർച്ച് 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

RIGHT TO INFORMATION